# ദുർവാസാവ്

തീവണ്ടിച്ചൂര്,യാത്രയുടെ എതിർദിശയിലുള്ള ഇരുത്തം,ഇടയ്ക്കിടെ കണ്ണിലടിക്കുന്ന വെളിച്ചം, എല്ലാംകൊണ്ടും രാത്രിയിലെ തീവണ്ടിയാത്ര അലോസരമാണ്.പക്ഷേ പൂർണാർത്ഥത്തിൽ പറയാൻ വരട്ടെ.നേരെ മുന്നിലുള്ള ഇരിപ്പിടത്തിൽ ഒരാൾ വന്നിരുന്ന തോടുകൂടി കണ്ണിൽ ഒരു തിളക്കം തുടങ്ങി.തലയിൽ ഊഹാപോഹങ്ങളുടെ കടലടിയും. ദീർഘയാത്രയിൽ വന്നുകൂടിയ നീരസപൂപ്പൽ പതിയെ പതിയെ വഴി മാറുന്ന പോലെ തോന്നാൻ തുടങ്ങി.യൂണിവേഴ്സിറ്റിയുടെ കൽപ്പന ശിരസാവഹിച്ച് ഞാനടങ്ങുന്ന ഒൻപതു കുട്ടികളും ഷെഫീഖ് മാഷും ബാംഗ്ലൂരിലേക്ക് പഠനയാത്ര പോയി ,തെണ്ടിതിരിഞ്ഞുള്ള മടക്കയാത്രയിലാണ്.ബാംഗ്ലൂരിൽ കാലുകുത്തിയത് മുതൽ ഒരു തരം മനം മടുപ്പ് ഉരുണ്ടു കൂടാൻ തുടങ്ങിയിരുന്നു.അതിന് സുവ്യക്തമായ കാരണവുമുണ്ട്.രാവിലെ ആറുമണിക്ക് ബാംഗ്ലൂർ മെയിൻ സ്റ്റേഷന്റെ തൊട്ടുമുന്നിലുള്ള സ്റ്റേഷനിൽ തീവണ്ടി അൽപനേരം ഒന്നടങ്ങിയപ്പോൾ ഞങ്ങളെല്ലാവരും ഉറക്കമുണർന്നുള്ള ശേഷക്രിയകളിലായിരുന്നു.അന്നേരം ഒരു ഹിജഡ കൈകൊട്ടി അരികിലെത്തി പണം ചോദിച്ചു.അവഗണിച്ച എന്റെ നേരക്ക് ആ സങ്കരം ഉടുമുണ്ട് പൊക്കി കാണിച്ചു.സുഹൃത്തുക്കൾക്കിടയിൽ ഞാൻ ചൂളി. ഉടനെ ഷഫീഖ് മാഷിന്റെ ഒരുപദേശവും

‘ കടപ്പുറപെണ്ണുങ്ങളെയും  ഇവരേയും ദേഷ്യം പിടിപ്പിക്കരുത് .......‘

പിന്നീട് ഒരു കടമ നിർവഹിക്കും പോലെകൂട്ടത്തിൽ കൂടി എന്നല്ലാതെ ഒരു താല്പര്യവും തോന്നിയില്ല.യന്ത്ര മ്യൂസിയങ്ങളോ,കണ്ടുതീരാത്ത അങ്ങാടി കാഴ്ചകളോ ഒന്നും തന്നെ കണ്ണിൽ പിടിച്ചില്ല.അവസാനമായി ഒന്ന് മലകയറി.ആകാശത്തിൽ എത്തിച്ചേർന്ന പ്രതീതിയായിരുന്നു.കയ്യെത്തും ദൂരത്ത് പഞ്ഞിക്കെട്ടുപോലുള്ള മേഘകൂട്ടങ്ങളുടെ ജലസഞ്ചാരവും കണ്ട് നഖം വിറക്കുന്ന കടുത്ത തണുപ്പത്ത് മലമുകളിൽ കുറേ നേരം ചിലവഴിച്ചു.ആ കാഴ്ച മാത്രം കണ്ണിലുണ്ടായിരുന്നു. എന്നാലോ പള്ളിസ്നാനം കഴിഞ്ഞ് ചെളിക്കുണ്ടിൽ പതിച്ച പോലെയായി നയനാഭിരാമിയായ കാഴ്ചക്കു ശേഷമുള്ള രാത്രിയിലെ ഈ തീവണ്ടിയാത്ര.ഒരു കസേര കളിക്കു ശേഷമാണ് ഓരോരുത്തർക്കും ഇരിപ്പിടം തന്നെ കിട്ടിയത്. ഒന്നുരണ്ടു മണിക്കൂറിനു ശേഷം ഉണർന്നിരിക്കുന്നത് ഞാൻ മാത്രമാണ്.മടിയിലെ ചീഞ്ഞുനാറുന്ന ഡ്രസ്സുകളടക്കം ചെയ്ത ബേഗിൽ പലരും തലവച്ചുറങ്ങുന്നുണ്ട്.കാറ്റത്താടുന്ന കവുങ്ങിൻ കുരൽ പോലെ പലരും തലയാട്ടത്തിലാണ്. പങ്കയുടെ കരകരപ്പും, നഗ്നമേനിയെ

ഐെസോലേഷനിലാക്കുന്ന രോമപുതപ്പുമില്ലാതെ ഞാൻ ഉറങ്ങിയ ചരിത്രമില്ല.ഉന്നിദ്രനായി മണിക്കൂറുകളായി ഇരിക്കുന്നു.ആ ചിന്താശൂന്യതയിലേക്കാണ് പേരറിയാത്ത ഏതോ സ്റ്റേഷനിൽ നിന്ന് ഇയാൾ ബോഗിയിലേറിയത്.അന്നേരം മുതലുള്ള മിഴിച്ചിരിപ്പാണ് .അയാളുടെ  മെല്ലിച്ച മേനിയിൽ തമിഴ് നടന്മാരുടെ ആസ്ഥാന വേഷത്തെ ഓർമിപ്പിക്കുമാറ് വെള്ള ബനിയനിനു മുകളിലായി ബട്ടണഴിഞ്ഞ ഷർട്ട് പാറിക്കളിക്കുന്നുണ്ട്. ബനിയനെ പാതി മൂടി കറുത്ത പാന്റ് ബന്ധിച്ചിരിക്കുന്നു.കുഴിയൊഴിഞ്ഞ ബെൽറ്റിന്റെ ലോഹകമ്പ് എന്നിലൊരു ഭീഷണിയുളവാക്കി തുറിച്ചിരിപ്പുണ്ട്.അയാളുടെ മുഖമാണ് ഏറെ ആകർഷണീയം. പകലിരുളുകൾ ചേർന്ന അപരാഹ്ന നിറം തുടുത്ത അയാളുടെ നീണ്ട മുഖത്തിന് അറ്റത്തായി നേരിയ കൂസാന്താടി , ചുണ്ടു മൂടി പരന്ന മേൽമീശ, കുഴിഞ്ഞ രണ്ടു കണ്ണുകൾ ,കൺ കുഴികളിൽ കറുപ്പ് കെട്ടി കിടപ്പുണ്ട്. ചിറി കുഴിഞ്ഞതിനാൽ രണ്ടുള്ളം കൈയിലുകൾ മുഖത്ത് ഘടിപ്പിച്ച പോലെ തോന്നിക്കും.  അയാളുടെ മുഖത്തിൽ ഒരു പ്രത്യേകതകൂടി ഒറ്റനോട്ടത്തിൽ തന്നെ  കണ്ടെത്താം.അവിടെയാണ് എന്റെ കണ്ണും ചിന്തയും ഉടക്കിയത്. വിഭജിക്കാത്ത കൺപീലികൾക്കു മുകളിലായി നെറ്റിയോട് ചേർന്ന് രണ്ടുകുഴിഞ്ഞ അടയാളങ്ങൾ. സാധാരണ ഒരാളുടെ മുഖത്തും ഇതുപോലെ ഇരട്ടക്കുഴികൾ കണ്ടിട്ടേയില്ല. എന്റെ നോട്ടം കണ്ടിട്ടാവണം ഇടക്കിടെ ആ നെറ്റിതടത്തിൽ അയാൾ വരമ്പിടുന്നത്. ആളൊരു ഗൗരവക്കാരനാണെന്ന് അയാളുടെ വരവ് തന്നെ ബോധ്യപ്പെടുത്തി. ഇരിപ്പിടത്തിൽ എല്ലാവരും പലവിധ ശയന മുറകളിലായിരുന്നു.ഞാൻ തല താഴ്ത്തി അടിശ്ശീറ്റിലെ കറുപ്പും വെളുപ്പുമായ ബിന്ദുക്കളെ നോക്കിയിരിപ്പാണ്.

‘എടാ കൊച്ചു ചെറുക്കാ...... ഒന്ന് അങ്ങോട്ട് നീങ്ങിയേ ..... ‘

ഒരു നിമിഷം എല്ലാവരും സ്തോഭാവസ്ഥയിലായി.ശയനം മുറിഞ്ഞ ചോര കണ്ണുകളുമായി ഷെഫീഖ് മാഷ് അയാളുടെ മുഖത്തേക്ക് ഭയത്തോടെ നോക്കുന്നു. മുകളിലെ ബർത്തിലുള്ളവരും എന്നോടു ചാരിയുറങ്ങുന്നവരും,എന്തിന് മറുപുറത്തിരിക്കുന്നവരടക്കം അയാളിലേക്ക് ഉറ്റുനോക്കി.ഷെഫീഖ് മാഷെ കൈ കൊണ്ടു തള്ളിമാറ്റി  അയാൾ ഇരിപ്പിടം കണ്ടെത്തിയിരുന്നു.മാഷിന്റെ തുടകൾക്കിടയിലെ ഇംഗ്ലീഷ് അക്ഷരം ‘വി ‘ ‘ഐ‘ ആയി മാറി.അയാൾ നെഞ്ചിൽ കൈ കുരുക്കിട്ട് നിശബ്ദനായിരുന്നു. കണ്ണിൽ നിന്ന് തെറിച്ച് പോയ ശയനതരംഗങ്ങൾ ചുറ്റാളികളുടെ കൺകൂട്ടിൽ തന്നെ തിരികെയെത്തി.അതി വ്യത്യസ്തമായ ശയനമുറകൾക്ക് തീവണ്ടി  വീണ്ടും സാക്ഷ്യംവഹിച്ചു.കുരലാട്ടം തുടങ്ങി.തള്ളപൂച്ചയുടെ അകിടിൽ ചുരുണ്ട പൂച്ചക്കുഞ്ഞിനെ പോലെ ഷഫീഖ് മാഷ് ചുരുണ്ടുറങ്ങി. എല്ലാം  പഴയപടിയായെങ്കിലും എന്തുകൊണ്ടോ എന്റെ ദൃഷ്ടികോൺ അയാളുടെ മുഖവുമായുള്ള അംശികബന്ധത്തിൽ തന്നെ തുടർന്നു.

സംസാരിച്ചു നോക്കിയാലോ ......മുരടിപ്പിൽ നിന്ന് കരകയറാലോ .......അതേ .. സംസാരിക്കുക തന്നെ ..... എന്തിന് അമാന്തിക്കണം .... ആരെയും വലയിലാക്കാനുള്ള ഒരു സൂത്രവിദ്യ എന്റെ കൈവശമുണ്ട് .പക്ഷേ അപൂർവമായേ അതേശാറുള്ളു എന്നു മാത്രം. എന്നാലും ഒന്നു പയറ്റുന്നതിൽ തെറ്റില്ലല്ലോ .....? ആരെ കണ്ടാലും ആദ്യകാഴ്ചയിൽ ഞാൻ മുഖം നോട്ടം തുടങ്ങും.കൈനോട്ടക്കാരി കൈരേഖ വഴി  ഉപക്ഷേപിക്കും പോലെ എന്റെ ദൃഷ്ടിയിലെ മുഖത്തെ കുറിച്ച് ചിന്തയിൽ പല കാര്യങ്ങളും പ്രാദുർഭവിക്കും. അവസാനം കശക്കി കടഞ്ഞെടുത്ത ഏറെ ഉറപ്പുള്ള ചിന്ത കക്ഷിയോടങ്ങ് കാച്ചും ,അതോടെ അയാൾ വലയിലാകും.പിന്നെ ആവശ്യം തീരുവോളം സംസാരിക്കാം. എന്നാൽ പറയേണ്ട താമസം തന്നെ ചിലത്  ഭീമാബദ്ധങ്ങളായിരിക്കും വലയിലായ കക്ഷി പോലും ഈ കാരണം കൊണ്ട് കൈവിട്ടുപോകും. ഈ വേല എല്ലാം അസ്മാദൃശ്യരോടോ അല്ലേൽ ഇളയത്ങ്ങളോടോ പയറ്റാറാണ് പതിവ്.ഇളയതുങ്ങളെ ചാക്കിലിടാൻ വേറെ ഒരു വിദ്യ കൂടി എന്റെ കൈവശമുണ്ട്  'വിലാസവിദ്യ' ആദ്യമായി കുട്ടിയോട് സ്ഥലം ആരായും. ഉത്തരം പറഞ്ഞു കഴിഞ്ഞാൽ . അത് അങ്ങാടിയാണെങ്കിൽ,സർവ്വ പരിചയമുള്ളവനെ പോലെ ഞാൻ അഭിനയിക്കും. തട്ടിവിടാൻ തുടങ്ങും. ട്രാൻസ്ഫോമറിന്റെ അടുത്തുള്ള റോഡ് ആണോ.....?  ചില സമയത്ത് കൊത്തും.കൊത്തിയാലും കൊത്തിയില്ലേലും വിജയം എനിക്ക് തന്നെ.

കാരണം ,ഒത്തില്ലെങ്കിൽ  ട്രാൻസ്ഫോമർ സംബന്ധമാക്കി സ്ഥാനങ്ങൾ ഓരോന്ന് ഭാവിച്ച് പറയും.ബാക്കി കക്ഷി പൂർത്തിയാക്കും. 'ആ .....എനിക്കറിയാമെന്ന്' കാച്ചലോടുകൂടി കുട്ടി വരുതിയിലായി. ഇനി വല്ല ഗ്രാമപ്രദേശമാണ് പറയുന്നുവെങ്കിൽ പഞ്ചായത്ത് കിണർ ,പാടം,തോട് ,ഇങ്ങനെ പോകും ..... വിലാസവിദ്യ ഇതുവരെ പൊളിഞ്ഞിട്ടില്ല .കാരണം, ഏത് അങ്ങാടിയിലും ട്രാൻസ്ഫോമർ ഉണ്ടാകുമെന്നും, ഗ്രാമങ്ങളിൽ പാടവും ,തോടും ,പഞ്ചായത്ത് കിണറും സർവ്വ സാധാരണമാണെന്നും ഊഹിച്ചെടുക്കാൻ മാത്രം പോന്ന ഇളയതുങ്ങൾ  ഇതുവരെ മുന്നിൽ വന്നുപെട്ടിട്ടേയില്ല. ഇവിടെ സ്ഥിതി അങ്ങനെയല്ലല്ലോ ...എന്നെക്കാൾ എത്രയോ മുതിർന്ന ഒരാളാണ് മുന്നിലിരിക്കുന്നത്. അല്പം ഭയം തോന്നുന്ന പ്രകൃതവും.പക്ഷേ ഒരു പിന്മാറ്റം ഞാനാഗ്രഹിക്കുന്നില്ല.

'വിലാസവിദ്യ' പയറ്റുന്നത് ശരിയല്ല അത്രയ്ക്ക് വിഡ്ഢിയാവാൻ തരമില്ല. ഇനിയെങ്ങാനും ഉള്ളിലിരിപ്പ് വെളിച്ചത്തായാൽ  പുലിവാലാണ്. അതുകൊണ്ട് മുഖനോട്ടം തന്നെ ശരണം......എന്റെ കണ്ണുകൾ ചോദ്യം ചെയ്യാൻ തുടങ്ങി.കറുത്ത കൺകുഴിയിലായി മീൻകണ്ണു പോലെ തുറിച്ച് കണ്ണീർ വറ്റിയ രണ്ടു കണ്ണുകൾ.വാർദ്ധക്യസഹജതയെ മാറ്റിനിർത്തിയാൽ ശരീരം ആരോഗ്യപുഷ്ടി ദായകം.ഉള്ളം കൈകളിൽ തഴമ്പിച്ച പാടുകൾ .ഗൗരവം , തഴമ്പുകൾ, ശരീരപുഷ്ടി,എല്ലാം കൂടി ഗണിച്ചാൽ പട്ടാളക്കാരനോ, പോലീസുകാരനോ അതോ വല്ല കൂലി വേലക്കാരനോ

ആവാനാണ് സാധ്യത.കൂലിവേലയിൽ വിറകുകൊത്തി ആവാനാണ് കൂടുതൽ സാധ്യത പക്ഷേ ഈ ഡ്രെസ്സ് ആ ചിന്തക്ക് ഒരപവാദമാണ്.മനസ്സ് പാമ്പും കോണിയും കളിച്ചു. അയാളുടെ മുഖത്തേക്ക് തന്നെ നോക്കി നിന്നു.ഒരല്പം അഹങ്കാരം കൂടി നിഴലിക്കാൻ തുടങ്ങി. അയാൾ മുഖം കോട്ടി എന്നെ അവഗണിക്കുന്നു.അനുനിമിഷം ഉറപ്പിച്ചു ഒന്നുകിൽ പട്ടാളക്കാരൻ അല്ലെങ്കിൽ പോലീസ്.ഇനി മനസ്സിൽ ഒരു കരു വീഴണം. പട്ടാളക്കാരനോ, പോലീസോ ....? ഏകാകിയായി , പഴകിയ തുറന്ന വസ്ത്രവും , അകത്തെ ബെൽറ്റും പ്രദർശിപ്പിച്ച് ട്രെയിനിലെ ലോക്കൽ ബോഗിയിൽ തിങ്ങിനിരങ്ങി യാത്ര ചെയ്യുന്ന ഒരാൾ പോലീസുകാരനാകാനുള്ള സാധ്യത തുലോം തുച്ഛമാണ്.പ്രായം വെച്ച് എന്തായാലും റിട്ടേഡ് ആയിരിക്കണം. കണ്ടിട്ട് പോലീസുകാരന്റെ ഭാവഹാവാദികൾ ഇല്ല തന്നെ.വെൽഡ്രസ്സണിഞ്ഞ് നിരീക്ഷണ ശൂരതയിൽ,ചുളിഞ്ഞ മുഖത്തെ യുവത്വം തുളുമ്പുന്ന കണ്ണുകളാൽ സാധാരണരീതിയിൽ കാണപ്പെടാറുള്ള റിട്ടേഡ് പോലീസ് ഓഫീസറാവാൻ ഒരു വഴിയുമില്ല.എങ്കിൽ പിന്നെ ....? നെറ്റിത്തടത്തിലെ രണ്ടു കുഴികളും കൂടി പരിഗണിച്ചാൽ ....മനസ്സിൽ കരു വീണു. പട്ടാളക്കാരൻ ......!

‘നിങ്ങൾ ഒരു പട്ടാളക്കാരൻ ആണല്ലേ .....?‘ അയാളിലേക്ക് കൺചൂണ്ടി വാക്കു വിട്ടു.  ക്ഷിപ്രം .... ഗൗരവം തുടിക്കുന്ന മുഖം ആകസ്മികമായി.....! കണ്ണിൽ അഭിമാന കൊടി പാറി. ഭ്രൂഗമാകാരമായി.

‘ആയിരുന്നു ...... ഇപ്പോഴല്ല ...... എങ്ങനെ മനസ്സിലായി ......?‘

അയാളുടെ കറുത്ത ചുണ്ടുകൾ എന്നോടായി വചിച്ചു.

‘ആ....മുഖം പറയുന്നില്ലേ ... ചേട്ടാ ....

ചേട്ടൻ ഇവിടെ ഇരുന്നപക്കം തന്നെ  ഒരു പട്ടാളക്കാരനാണെന്ന് എനിക്ക് മനസ്സിലായി.

അയാൾ ഷെഫീഖ് മാഷേ ഒന്നുകൂടി ഞെരുക്കി ഒരു ബോംബിടാൻ തക്കം ഒരുങ്ങിയിരുന്നു. സർവ്വരും അർദ്ധശയനത്തിലാണ്. ഞങ്ങളുടെ സംസാരം അവരും കേൾകുന്നുണ്ടാകണം.ബാഗിൽ തലവെച്ചും ഇരുമ്പു തൂൺ ചാരിയും. എത്ര കണ്ട് ഉറങ്ങാനാണ്.  ട്ടീ........കാപ്പി .........  ട്ടീ.........കാപ്പി എന്ന് വളഞ്ഞ സ്വരത്തിൽ കേൾക്കാൻ തുടങ്ങിയപ്പോഴേക്ക് എന്നെ മുന്നോട്ടേക്കുന്തി  തീവണ്ടി നിന്നു .

‘മോനെ ചായ വേണോ .......?എനിക്ക് വേണമെങ്കിൽ തനിക്കൊരു ചായയാകാമെന്ന ചിന്തയിൽ അയാൾ ആരാഞ്ഞു.

വേണമെന്നു പറഞ്ഞാൽ ഒരു ചായ ഒപ്പിക്കാമായിരുന്നിട്ടുകൂടി അഭിമാനനഷ്ടം ഭയന്ന്  നിരസിച്ചു.

‘ വേണ്ട ......ഇപ്പോൾ ഒരു മൂഡില്ല ........‘ ‘ചേട്ടൻ റിട്ടേഡ് ആയിട്ട് ഒരുപാട് നാളായോ .....?‘

‘ആ.....ഒരു പത്തിരുപത് കൊല്ലമായിക്കാണും .......‘

ജനാലയിലൂടെ  തൊഴിലാളിയുടെ ചായനിറഞ്ഞ ശിരസ്സിലേക്ക് ആർത്തിയോടെ നോക്കി അയാൾ ആരോടെന്നില്ലാതെ പറഞ്ഞു. നൈമിഷികമായി അയാളുടെ  മുഖത്ത് പ്രതിഫലിച്ച ഞാനെന്ന ബാധ്യതയെ  എന്റെ  കണ്ണുകൾ കണ്ടെത്തി.ആ നേരം എന്നെ ഒരു ജാള്യത പിടിക്കൂടി .അൽപ്പം നിശബ്ദത വേണ്ടിവന്നു വീണ്ടും സൗഹൃദം മുളപൊട്ടാൻ . ചിലയിടങ്ങളിൽ ഏത് സൗഹൃദവും ഒരു നിമിഷത്തേക്കെങ്കിലും ബാധ്യതയാവും. സൗഹൃദങ്ങളുടെ വലയങ്ങളിൽ പെട്ട് അത്തരം ബാധ്യതകളെ വിസ്മരിക്കാറാണ് പതിവ്.

അടുത്ത ചോദ്യം എന്താവുമെന്ന് ഞാൻ ഗ്രഹിച്ചെടുക്കുന്നത് അറിഞ്ഞിട്ടാവാം അയാളുടെ മുഖത്ത് നീരസം തെളിഞ്ഞത്. പുതുതായി കൂടെ കൂടിയ യാത്രക്കാർ ഇരിപ്പിടം ചാരി തിങ്ങി നിൽക്കുന്നുണ്ട്. അവരിലൊരുതന്റെ പൃഷ്ഠം പട്ടാളക്കാരന്റെ തോളിനെ ഇളക്കികൊണ്ടിരിക്കുന്നു. അയാൾ കൈകൊണ്ട് തള്ളി നീക്കുന്നുവെങ്കിലും ആ ചെറുപ്പക്കാരൻ കണ്ടഭാവം നടിക്കുന്നില്ല.

‘ നിങ്ങളുടെ കുടുംബം ......?‘ ഞാനയാളുടെ ശ്രദ്ധ തെറ്റിച്ചു.

‘കുടുബമൊന്നും ഇല്ല മോനേ ..... കെട്ടിയോള് ഇട്ടേച്ചു പോയി .......‘

ഒരു നിമിഷം പോലും ആലോചിക്കാതെ മറിപടി തന്നു. ഇനി കാരണമന്വേഷിച്ചുള്ള അടുത്ത ചോദ്യം വീഴാൻ ഒരുങ്ങിയതേയുള്ളൂ അയാൾ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു . മുഖത്ത് ഭീകരമായ ക്രോദഛവി തെളിഞ്ഞു വന്നു.അയാളുടെ ഇരിപ്പിടത്തിനരിൽ നിൽക്കുന്ന ചെറുപ്പക്കാരന്റെ പിരടിക്കുപിടിച്ച് ഒരു അലർച്ച ..

‘ എടാ..... പന്നീ....എത്ര നേരായി നിന്നോട്  അടങ്ങിയിരിക്കാൻ പറയുന്നു ... ‘

എല്ലാവരും ഞെട്ടിത്തരിച്ചു.ചെറുപ്പക്കാരന്റെ കൂട്ടാളികൾ അപ്പോഴേക്കും അയാളെ വളഞ്ഞിരുന്നു.

'നീ ..... ഏതാടാ .... പന്നി ..... പ്രായമൊന്നും നോക്കേല്ല .....
അടിന്നാവിക്കിട്ട്  കേറ്റും .....'

ചെറുപ്പക്കാരുടെ കൂട്ടത്തിൽ നിന്ന് ആരോ ഭീഷണിപ്പെടുത്തി. പലരും ചന്തപ്പിള്ളേരുടെ പല്ലവികൾ എറിഞ്ഞു ...

'ഒന്നു പോടാ... പോർക്കുകളെ .....' ചെവി തളർന്ന് പിടുത്തം വിട്ടിരിക്കുന്നതിനിടെ അയാൾ കൂട്ടത്തോട് ആക്രോശിച്ചു. ശേഷം എന്റെ നേരെ കാര്യമാക്കേണ്ടെന്ന രീതിയിൽ ഒന്ന് കണ്ണിറുക്കി. ഞാനറിയാതെ ഒന്നു ചിരിച്ചു... ഒരു വികാരവുമില്ലാത്ത ചിരി.

ഷെഫീഖ് മാഷും എന്റെ കൂട്ടുകാരും അയാളെ ഭയത്തോടെയും അല്പം വെറുപ്പോടും കൂടി ഇമവെട്ടാതെ നോക്കിനിൽക്കുകയാണ്. തൊണ്ടയിൽ കുരുങ്ങിയ ചോദ്യത്തെ ഉത്തരം കൂട്ടി ഞാൻ വിഴുങ്ങി.അയാളുടെ ഭാര്യ ഇട്ടേച്ചു പോയതെന്തിനെന്ന് എനിക്ക് ആ സന്ദർഭം സുവ്യക്തമാക്കി തന്നു..മുൻകോപിയേ ആരാണ് ഇഷ്ടപെടുക ....?. ചെറുപ്പക്കാർ രൂക്ഷനോട്ടം നോക്കി തങ്ങളുടെ സ്ഥാനത്തേക്ക് തന്നെ നീങ്ങി പൃഷ്ഠങ്ങളാട്ടാൻ തുടങ്ങി. ദേഷ്യത്തിന് തീവണ്ടിയാണ് ആ പാവത്തുങ്ങളെ ഇളക്കുന്നതെന്ന് അറിയില്ലല്ലോ .....!

അയാൾ ഉച്ഛ്വാസം കനപ്പിച്ചു ...അയാളോടുള്ള വൈരാഗ്യവും വെറുപ്പും സ്ഫുരിക്കുന്ന ചുറ്റുപാടുമുള്ള കണ്ണുകളിൽ നിന്ന് എന്റതു മാത്രമാണ് ആകാംക്ഷ തുടിക്കുന്ന നയനങ്ങളായി ബാക്കിയായത്.ഇരുട്ടിന്റെ നിശബ്ദതയിൽ ആലവേല ചെയ്യുന്ന കൊല്ലനെ പോലെ ഝങ്കാരം  മുഴക്കി തീവണ്ടി കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുകയാണ്.സ്ഥലകാല നിർണയത്തിന്

മാർഗങ്ങൾ അനവധിയാണെങ്കിലും ഞാൻ ഫോൺ ഓഫാക്കി അയാളിലേക്ക് തന്നെ ശ്രദ്ധിച്ചുനോക്കിയിരുന്നു.ഒന്നടക്കം വന്നിട്ടുണ്ട് ..... എല്ലാവരും ഉറക്കത്തെ യത്നിച്ചു വരുത്താനുള്ള തയ്യാറെടുപ്പിലാണ് ,ഞാനോ അടുത്ത ചോദ്യം ചോദിക്കാനുള്ള മനക്കൂട്ടലുകളിലും.

സന്ധ്യാംശു കലർന്ന നേരം ഒരുപറ്റം കൂട്ടുകാർ പ്രാക്ടീസിനായി ഗ്രൗണ്ടിലേക്ക് ഇറങ്ങി. രാവിലെ മടിപ്പിടിച്ചുള്ള അവരുടെ കിടത്തമാണ് വിനയായി മാറിയത്. ഞാൻ ആ ഇളിച്ചവായന്മാരിൽ പെട്ടവനല്ല. എങ്കിലും ഞാനും അവരുടെ കൂടെ കൂടി.കാരണം ഒഴിഞ്ഞ നേരം ഒരു പട്ടാളക്കാരന്റെ ചിന്തകൾ അതിഭീകരമാണ്. കാലത്തോടുള്ള കലഹമൊഴിഞ്ഞ നേരങ്ങളിൽ ഒരുപാട് ചിന്തകൾ വന്നു നിറയും.നിറമുള്ളതും നിറമില്ലാത്തതുമായ ഒരുപാടെണ്ണം. അവയ്ക്കെല്ലാം നിറം കൊടുക്കാൻ ഒരുങ്ങിയാൽ ഒരു പട്ടാളക്കാരനാണെന്ന ബോധം

മറക്കേണ്ടിവരും. അതുകൊണ്ട് ഒഴിഞ്ഞിരിക്കുന്നത് എനിക്കിഷ്ടമുള്ള കാര്യമേയല്ല.സുഹൃത്തുക്കളുടെ പരിശീലന കളരി വീക്ഷിച്ചുകൊണ്ടങ്ങനെ ഇരുന്നു.

മണൽച്ചാക്കിനു മുകളിൽ ഇരു കുഴലുകളുള്ള പ്രാക്ടീസ് ഗണ്ണുമായി കൂട്ടുകാർ നിരനിരന്നു. എല്ലാവരും മുന്നിലെ ശൂന്യതയിലേക്ക് കൺനട്ട്,കാഞ്ചികൂട്ടിലേക്ക് വിരൽകടത്തി നിശബ്ദരായി. ക്യാപ്റ്റന്റെ ചുണ്ടുകൾ ചൂളം വിളിച്ചതും കാഞ്ചി വലിഞ്ഞു . ഇരു കുഴലുകളും തീതുപ്പി. വെടിയുണ്ടകൾ പാഞ്ഞു.

കണ്ണു തുറന്നതും ക്യാമ്പിലെ ലേഡി ഡോക്ടർ പുഞ്ചിരി തൂകി മാനം മറക്കുന്നു. തലമുടിയിൽ പാകിയ സുഗന്ധ നീരിന്റെ മണം വല്ലാതെ ത്രസിപ്പിച്ചു.

'ഡോൺഡ് വറി .......ട്ടൂ ബുള്ളറ്റ്സ് വേർ കളക്ട് ഫ്രം യുവർ ഫോർ ഹെഡ് . എവരിതിംഗ് വിൽബി ഫൈൻ വിത്തിൻ ട്ടൂ വീക്ക്സ് ഓക്കേ ......'

എന്നോട് മൃദുലമായി മന്ത്രിക്കുന്ന അവരുടെ ചുവന്ന ചുണ്ടുകളോട് ഞാൻ നന്ദിയരുളി. ക്യാപ്റ്റൻ ഗൗരവം വിടാതെ കടന്നുവന്നു.

'അവൻ വലിയ തെറ്റ് ചെയ്തു ..... ഷൂട്ടിംഗ് കോണിൽ നിന്നും എത്രയോ മാറിയാണ് അവൻ ഷൂട്ട് ചെയ്തത് ...... താങ്കൾക്ക് വേണമെങ്കിൽ കേസാക്കാം.......'

ഞാൻ വേണ്ട എന്ന അർത്ഥത്തിൽ തലയാട്ടി. ക്യാപ്റ്റനും ഞാനും അസ്സല് മലയാളികളാണ്. അതുകൊണ്ട് തലയാട്ടൽ ഞങ്ങൾക്കിടയിൽ പലപ്പോഴും ഒരു ഭാഷയാണ്.ക്യാപ്റ്റൻ പോയപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. വാതിൽപടിയിൽ ഒരുത്തൻ തലതാഴ്ത്തി നിൽപ്പുണ്ടായിരുന്നു.അവനാവാം എന്റെ നെറ്റിയിലേക്ക് അബദ്ധവശാൽ ഷൂട്ട് ചെയ്തത്.ഞാൻ വിസ്തരിക്കാൻ നിന്നില്ല.രണ്ടാഴ്ചക്കു ശേഷം നെറ്റിയിലെ തുണിച്ചുറ്റെടുത്ത് കണ്ണാടിയിൽ നോക്കിയതു മുതൽ എന്റെ ഇടത്തെ കണ്ണിനു മുകളിലായി ഈ രണ്ടു ഇരട്ട കുഴികൾ സ്ഥാനം പിടിച്ചിരുന്നു. ആദ്യമൊക്കെ നെറ്റി മറയുന്ന വിധം തൊപ്പി ധരിക്കുമായിരുന്നു. പോകെ പോകെ മുഖത്തെ സ്ഥിരാംഗങ്ങൾക്കിടയിലായി ഇരട്ട കുഴികളേയും ഞാൻ ഉൾപ്പെടുത്തി.ഇന്ന് അവകളോടുകൂടെ ഒന്ന് രണ്ടു കരിംകുരുകൾ കൂടി സ്ഥാനം പിടിച്ചിട്ടുണ്ട്.ഇതാണ് ഈ നെറ്റിത്തടത്തിലെ കുഴികളുടെ ചരിത്രം .......മോന് മനസ്സിലായോ ......! അയാൾ ഗതകാലങ്ങളെ പരിഹസിച്ച് ചിരിച്ചു.... മുഖത്ത് പുഞ്ചിരിയാണെങ്കിലും എന്റെ ചിന്തയിൽ അയാൾ അട്ടഹസിക്കുകയായിരുന്നു.

എല്ലാം കേട്ട് ഞാൻ തലയാട്ടി. അല്ലെങ്കിൽ എന്റെ തലയാടി ....

എന്നിലെ ഉൾബോധത്തിന്റെ പ്രകടഭാഷ മനസ്സിലാക്കി അയാൾ ഒന്നുകൂടി പുഞ്ചിരിച്ചു. അതെന്റെ ചിന്തയിലും പുഞ്ചിരിയായിരുന്നു.കൂട്ടാളികൾ ഒരു പൊങ്ങച്ചക്കാരന്റെ സാന്നിധ്യം ആവാഹിച്ച് പിരികങ്ങളാൽ പരിഹാസത്തിന്റെ ആർക്കു കൾ പണിതിരിപ്പാണ്.

‘ ചേട്ടൻ എവിടെയാ ഇറങ്ങുന്നേ ......?‘

ശാന്തതയെ ഭത്സിച്ച് ഞാൻ ചോദിച്ചു. ഈ മൂകവിളംബം തുടർന്നു പോന്നാൽ പരിചയ സ്വഭാവത്തെ അകറ്റിക്കളയുമോ എന്ന് ഞാൻ ഭയന്നിരുന്നു.

‘സേലം .........ഒരു മണിക്കൂർ കൊണ്ടെത്തും........ഇതുവരെ ബാംഗ്ലൂരിലെ മദ്യശാലക്ക് കാവലിരുന്നു .... ഇനി സേലത്തുള്ള സർക്കാർ ഖജാനയിൽ കാവലിരിക്കാം..’’

തണുപ്പും ചൂടും ഏശാത്ത അയാളുടെ മേൽമീശ വികസിച്ചപ്പോൾ അയാൾ ഒന്നുകൂടി പുഞ്ചിരിച്ചതാണെന്ന് മനസ്സിലായി. പൃഷ്ഠമിളക്കികളുടെ രോഷം ഒന്നടങ്ങിയിട്ടുണ്ട് .അയാളെ ശല്യപ്പെടുത്താതെ ഞങ്ങളുടെ സംസാരം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

അതിനിടെ അടുത്ത ചോദ്യം മനസ്സിൽ മുളച്ചുവന്നപ്പോഴേക്കും അയാൾ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു .തിങ്ങിനിരങ്ങി ടോയ്‌ലറ്റിലേക്ക് നടക്കാൻ തുടങ്ങി. അവസരം മുതലെടുത്ത് ഞാൻ ഫോൺ ക്യാമറ ഓൺ ചെയ്ത് കാത്തിരുന്നു. ചില പകർത്തലുകൾ പിന്നീട് ചരിത്രങ്ങളാണ്.അവ കാണുന്ന നേരങ്ങളിലെല്ലാം ആ ചരിത്ര സാക്ഷ്യങ്ങൾ തികട്ടി വരും. ടോയ്‌ലറ്റിന് അരികെയുള്ള ഇരുമ്പ് പൈപ്പിൽ നിന്ന് അല്പം വെള്ളം കൈകുമ്പിളിലെടുത്ത് മൂക്ക് ചീറ്റി തിരിഞ്ഞതും എന്റെ ക്യാമറകണ്ണുകൾ അയാളുടെ മൂലാധാരം മുതൽ സഹസ്രാരം വരെ ഒപ്പിയെടുത്തു.നേരാംവണ്ണം ലഭിച്ചിട്ടുണ്ടോ എന്ന് നോക്കിയപ്പോൾ അയാളുടെ നെറ്റിത്തടത്തിലെ ഇരട്ട അറകളിലേക്ക് എന്റെ കണ്ണുകൾ ഊളിയിട്ടു.വെള്ളം വീണതിനാൽ അയാളുടെ മുഖം മഞ്ചിച്ചതായി തോന്നി. ആ കറുത്ത മീശ, തിരയടിക്കുന്ന ചുണ്ടുകൾക്കു മുകളിൽ കരിവാളിച്ച മേരു പോലെ നീണ്ടങ്ങനെ കിടന്നു.

പ്രകൃതിയിലെ വായുദേവന്മാർ തീവണ്ടിക്കുള്ളിൽ ലഘുകൊടുങ്കാറ്റായിട്ടാണ് രൂപപ്പെടുന്നത്. ഇടയ്ക്കിടെ അവ തണുപ്പേന്തി വരും.അന്നേരം വയലിലൂടെയോ ,പുളിനങ്ങളിലൂടെയോ തീവണ്ടി

സഞ്ചരിക്കുകയാവും, ആ കാറ്റേറ്റ് വിയർപ്പാൽ കറുത്ത കൺകുഴികളിൽ തണുപ്പ് തൂവും.സുറുമയിട്ട പ്രതീതിയിൽ കണ്ണെരിയും. അയാൾ,ജാലകത്തിലൂടെ അദൃശ്യതയിലേക്ക് കൺപാർത്ത് ഇരു ത്വക്കുകളിലും വിരൽ നട്ടിരിപ്പാണ്.

'ചേട്ടൻ ഏതെങ്കിലും യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടോ.....?'

അയാൾ ശൂന്യതയിൽ നിന്ന് കണ്ണെടുത്ത് എന്നെ ശ്രദ്ധിച്ചു.

' എന്താ പറഞ്ഞേ ...... '

വ്യക്തത വരുത്താൻ വേണ്ടി സഗൗരവം തിരക്കി.

'അല്ല .... ചേട്ടൻ .... ഏതെങ്കിലും യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടോ ... എന്ന് .....?'

ചോദ്യം കേട്ടതും അയാൾ സിംഹാസനസ്ഥനായ രാജാവിനെപ്പോലെ ഗമപൂണ്ടു .രണ്ടു വിരലുകൾ മേൽമീശ വഴി കൂസാൻതാടിയിലൂടെ തലോടിയിറങ്ങി.രണ്ടു ചുണ്ടുകളേയും നാനനച്ച് അയാൾ ദീർഘ ശ്വാസം വലിച്ചു. അപ്പോൾ അയാളുടെ ഗൗരവഭാവം, പ്രസരിച്ച മുഖവില്ലുകൾക്കിടയിൽ എവിടെയോ മറഞ്ഞിരുന്നു.കുട്ടിക്കഥകളുടെ കാഥികമാരായ മുത്തശ്ശിമാരുടെ നിഷ്കളങ്കത തഞ്ചുന്ന മുഖഭാവത്തോടെ അയാൾ ഒരുമ്പെട്ടു.

'ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപതിൽ കാശ്മീരിലെ കാർഗിലിൽ അറുപത് ദിവസം നീണ്ടു നിന്ന ഒരു യുദ്ധത്തെ കുറിച്ച് കേട്ടിട്ടില്ലേ ......രക്തം കട്ടപിടിക്കുന്ന തണുപ്പിൽ നുഴഞ്ഞുകയറ്റക്കാരായ പാകിസ്ഥാന്റെ പട്ടാളക്കാരോട് ഞങ്ങൾ ഇന്ത്യൻ പട്ടാളം സുധീരമായി ചെറുത്തുനിന്ന യുദ്ധം.സാക്ഷാൽ കാർഗിൽ യുദ്ധം......!ട്രെയിൻ ബോഗിയിൽ ആകമാനം നിശബ്ദത പരന്നു. തീവണ്ടിയുടെ മുട്ടും വിളിയും സ്വതസിദ്ധമായ പ്രകൃതമായി മാറിയതിനാൽ കടുത്ത നിശബ്ദത തന്നെ ......!കൂട്ടാളികളും പൃഷ്ഠമിളക്കികളും അയാൾക്കുവേണ്ടി കാതോർത്തിരുന്നു.രസകരമായ കാഴ്ച്ച അതൊന്നുമല്ല.... മുകൾ ബർത്തിലെ കമ്പിയിൽ തുണി തെല്ല് കെട്ടി മറു കമ്പിയിൽ തുണിയുടെ മറുവറ്റം ബന്ധിച്ച് കുഞ്ഞുങ്ങളുടെ തൊട്ടിൽ സമ്മാനം ഒരുക്കി ,ഒരുത്തൻ കിടപ്പുണ്ടായിരുന്നു.

ആകാശ കട്ടിലിൽ നിന്നും ആ അന്യദേശി ഭാഷപോലും അറിയാതെ പൊത്തിൽ നിന്നും തലയിടുന്ന അണ്ണാറക്കണ്ണനെ പോലെ തലയുയർത്തി അയാളെ ഉറ്റു നോക്കുന്നുണ്ടായിരുന്നു. ഈ കാഴ്ച ,എന്നിൽ സന്ദർഭം ഗണിക്കാതെ ഒരു ചിരിയുണർത്തി..

സഭയിൽ ഒരുത്തനോട് മാത്രം സംസാരിക്കുന്ന ചില പ്രാസംഗികരെ പോലെ അയാൾ എന്നെ മാത്രം ഗൗനിച്ച് സംസാരം തുടർന്നു.

'മറ്റു യുദ്ധങ്ങളിൽ നിന്നും കാർഗിൽ വ്യത്യാസപ്പെടുന്നത് ആ സ്ഥലം കാരണമാണ്. കുന്നിൻ മുകളിൽ നിന്ന് ഒളിയുദ്ധം ചെയ്യുന്ന അക്രമികളെ പരാജയപ്പെടുത്താൻ നന്നേ പ്രയാസപെട്ടു.ചുറ്റും ശിബിരങ്ങൾ പണിത് ഘട്ടംഘട്ടമായി ഞങ്ങൾ എതിരിട്ടു.അവസാനം പ്രകൃതിയുടെ ഹിമയുദ്ധത്തിനും ഞങ്ങളുടെ വീറിനും മുന്നിൽ പാകിസ്ഥാൻ അടിയറവു പറഞ്ഞു.

' ഹ ..... ഹ' വിരാമം അറിയിച്ചുകൊണ്ടുള്ള ഒരു ചിഹ്നംവിളിയോടു കൂടി അയാൾ ദീർഘ ശ്വാസം വലിച്ചു.പിന്നെ പതുങ്ങിയ സ്വരത്തിൽ ചരിത്രപ്പേച്ചിനൊരു കൂദാശ പാടി.ഞങ്ങളുടെ ക്യാപ്റ്റനായ മേജർ മഹാദേവൻ സാറിന്റെ ശിബിരകാവൽക്കാരനായിരുന്നു ഞാൻ . അന്ന് ഞാൻ നിന്നുറങ്ങാൻ പോലും പഠിച്ചു.

മനസ്സിലായോ കുട്ടീ........?'

ദീർഘമായി പാഠം പഠിപ്പിച്ച ശേഷം അധ്യാപകർ ചോദിക്കുന്ന പോലെ അയാൾ ചോദിച്ചു .......ഉത്തരം പറയാൻ തുനിഞ്ഞതും പൃഷ്ഠമിളക്കികളുടെ കൂട്ടത്തിൽ കിളിരം കൂടിയവനിൽ നിന്ന് അസ്ഥാനത്തായുള്ള ഒരു ജൽപ്പനം മുഴങ്ങി.

' ഏതാണ് .....ഈ മരവള്ളി ....... തള്ള് വീരൻ ........ മേജർ മഹാദേവൻ സിനിമാ നടൻ മോഹൻലാൽ അല്ലേ ....?'

എനിക്ക് എതിർക്കണമെന്ന് തോന്നി. കാരണം കാർഗിൽ യുദ്ധത്തെ പറ്റിയുള്ള ഒരു ആർട്ടിക്കിൾ പണ്ടെങ്ങോ വായിച്ചത് ഓർമയുണ്ട്. അതിൽ മഹാദേവൻ എന്ന പേര് വായിച്ചതും നല്ല ഓർമയുണ്ട്. പക്ഷേ ആ പരിഹാസിയുടെ ഇടനെഞ്ചിലെ തള്ളിച്ചയും ,കൈതോളിൽ ഉരുണ്ടു കൂടിയ മാംസകട്ടകളും എന്നെ ആ ഉദ്യമത്തിൽ നിന്ന് തടഞ്ഞു. എന്നോടൊപ്പമുള്ള കൂട്ടാളികൾ വാവിട്ടു ചിരിച്ചു.ഷെഫീഖ് മാഷ് പോലും പലരോടുമായി പരിഹാസോക്തികൾ അടക്കം പറയുന്നുണ്ട്. പൃഷ്ഠമിളക്കികൾ കൂട്ടംകൂടി ഉറക്കെ ചിരിച്ചുകൊണ്ടിരിക്കയാണ്. അതിനിടെ ഞാൻ അയാളുടെ മുഖത്തേക്ക് ഒന്നു നോക്കി.ഇരയുടെ മുന്നിൽ ഉറയുന്ന ചെന്നായയുടെ കണ്ണുകൾ പോലെ അയാളുടെ കണ്ണുകൾ ചോരച്ചിരുന്നു.പല്ലുകളുടെ ഇറുമ്പൽ മുഖം കേൾപ്പിക്കുന്നുണ്ട്.

അയാളുടെ ചെവിതെല്ല് പതിയെ വിറക്കുന്നുമുണ്ട്.അവിചാരിതമായി ഗഗനം ഇരുളും പോലെ പൊട്ടിത്തെറിക്കാൻ വെമ്പൽ കൊള്ളുന്ന കൃഷ്ണവർണം ആ മുഖത്ത് ദൃശ്യമായി. നിഷ്കളങ്കത എത്ര പെട്ടെന്നാണ്

അസ്തമിച്ചത്.എത്ര പെട്ടെന്നാണ് സൂര്യന്റെ രക്തമലിഞ്ഞ സായാഹ്നം പോലെ ആനനം  രുധിരവർണം പുൽകിയത്.

'ആരാടാ ...... പന്നീ ..... ചിരിക്കുന്നേ ..... ഒരലർച്ചയോടെ അയാൾ ചാടിയെഴുന്നേറ്റ് ചെറുപ്പക്കാരനിൽ ഒരുത്തന്റെ കൊല്ലി ഞെരുക്കി.എന്റെ കൂട്ടുകാരെല്ലാം  നിശ്ചലരായി.അയാളുടെ ഭാവഹാവാദികളിൽ ഞാനൊരലർച്ച പ്രതീക്ഷിച്ചതിനാൽ എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല.ഒരുതരം അസ്വസ്ഥത മനസ്സിനെ മൂടാൻ തുടങ്ങി.

'  കൈ..... വിടെടാ.... നാ.......'

ശ്വാസം കുടുങ്ങിയ ചെറുപ്പക്കാരൻ നിരുദ്ധകണ്ഠനായി

ആദ്യ വാണിങ്ങ് നൽകി.

'നീ എന്നാ ചെയ്യുമെടാ ..... ഞാൻ ഇതൊക്കെ കണ്ടതാ ...... പോടാ പന്നീ ........' അയാൾ പ്രതിവചനം നൽകി മുഷ്ടി ചുരുട്ടി ഓങ്ങിയതും അവന്റെ കൂട്ടാളികളിൽ കായബലം തുളുമ്പുന്ന കളേബരമുള്ളവൻ അയാളെ പിറകിൽ നിന്നും വലിച്ച് ശക്തിയായി തള്ളി.പട്ടാളക്കാരൻ പത്തിമടക്കി തീവണ്ടി തറയിൽ ഊരയിടിച്ച് വീണു.കലിയടങ്ങാതെ ആ ദൃഢഗാത്രൻ പട്ടാളവൃദ്ധന്റെ നാഭിക്കൊരു  ചവിട്ടും......അന്നേരം തീവണ്ടി ഭിത്തിയിലെ ഏതോ വിള്ളലിൽ നിന്ന് പല്ലി ചിലച്ചു ....എന്റെ ഹൃദയം പൊട്ടി. ദ്രുതതരമായി ചെറുപ്പക്കാർ ബോഗിവിട്ടു. എന്റെ കൂട്ടാളികളുടെ മുഖങ്ങളിലും ഒരുതരം യുദ്ധം ജയിച്ച പ്രതീതി.ഞാൻ കൂടുതൽ അസ്വസ്ഥനായി.

കിടന്നിടത്ത് നിന്ന് അയാൾ പതിയെ നാഭിയുഴിഞ്ഞ് എഴുന്നേറ്റു .അന്നേരം വീണ്ടും ഈർപ്പകണങ്ങൾ കലർന്ന  കാറ്റ് ശരീരത്തെ തണുപ്പിച്ച് കടന്നുവന്നു. ജാലകങ്ങൾക്ക് അപ്പുറം കരിമ്പടം പുതച്ചുറങ്ങുന്ന പച്ചപ്പണിഞ്ഞ അറ്റമില്ലാത്ത വയലേലകളാണെന്ന് ആ കാറ്റു പറയുന്നുണ്ട്. ഉടനെ  വയറു കാളി... വയറ്റാളികളെ കുല വേരുകൾ ആകർഷിക്കുന്നുണ്ടാവാം.

തീവണ്ടി പതിയെ നിലച്ചു തുടങ്ങി. പട്ടാളക്കാരൻ  തന്റെ തൊക്കണയും പേറി ഇരുമ്പു കവാടത്തേ ലാക്കാക്കി നടന്നു. പല വികാരങ്ങളും ആടിത്തിമിർത്ത അയാളിൽ നിസ്സഹായതയും അഭിമാനനഷ്ടവും ഇടം പിടിച്ചിരുന്നു..പുറത്ത് മുനിഞ്ഞുകത്തുന്ന സോളാർ പ്രകാശത്തിന് അടിയിൽ സേലം എന്നെഴുതിയ മഞ്ഞച്ച ബോർഡ് ബ്ലാക് ആൻഡ് വൈറ്റ് ചിത്രം പോലെ  എന്റെ കണ്ണിലെവിടെയോ തറച്ചു. ജാലകക്കാഴ്ച്ച യിൽ , നിഴലിനെ പിന്നിലാക്കി അയാൾ പതിയെ അകന്നകന്നു പോയി.ഒരു യാത്ര പോലും പറയാതെ.എന്നോട് ചോദിക്കാതെ കടന്നുവന്നവർ എന്നിൽ

നിന്നകലും നേരം എന്തിനു സമ്മതം തേടണം.ഞാൻ പതിയെ സമാധാനം കണ്ടെത്തി.തീവണ്ടി ചൂളം വിളിച്ചു ..... പതിയെ ചലിക്കാനും തുടങ്ങി.

'മോനേ ......'

ജാലകം പൊടുന്നനെ സംസാരിക്കുന്നു. കമ്പികൾക്കിടയിലൂടെ അയാളുടെ മുഖത്തെ ഇരട്ടക്കുഴികളിലേക്ക് എന്റെ നയനങ്ങൾ വീണ്ടും പതിച്ചു.

'മോനെ..... ഇനി തിരക്ക് കൂടും ....... സ്ഥലം പോവാതെ നോക്കണം ........ ഉറങ്ങിക്കോ .........'

എന്റെ ഉരിയാട്ടം മുട്ടി. അപ്പോൾ തീവണ്ടി വീണ്ടും ചൂളി. ജാലക കമ്പികളിൽനിന്ന് അയാളുടെ കൈവിരലുകൾ പതിയെ അഴിഞ്ഞു.സ്വപ്നപ്രായേനെ അയാൾ കണ്ണിൽ നിന്നകന്നപ്പോൾ ഞാൻ കരഞ്ഞു ...... എന്റെ കഥയും ........

**ഹാഷിം വേങ്ങര.**